




## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# പീഡനങ്ങളിൽനിന്നു ഫീനിക്സ്പക്ഷിയെപ്പോലെ ഷെറിൻ

■ ഡോ. ജോബിൻ എസ്.കൊട്ടാരം



**ഷെ**റിൻ ഷഹാനയുടെ ജീവിതം ആരെയും വിസ്മയിപ്പിക്കുന്നതാണ്. വീൽചെയറിലിരുന്ന് ഷെറിൻ ഷഹാന കണ്ട സ്വപ്നം യാഥാർഥ്യമായി. ഏഴു ദിവസത്തിൽക്കൂടുതൽ ജീവിച്ചിരിക്കില്ലെന്ന് ഡോക്ടർമാർ വിധിയെഴുതിയ ഷെറിൻ ഷഹാന നവംബർ ആറിന് ലക്നൗ ഇന്ത്യൻ റെയിൽവേ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്പോർട്ട് മാനേജ്മെന്റിൽ തന്റെ സിവിൽ സർവീസ് ജീവിതം ആരംഭിക്കുകയാണ്. മുഴുവൻ മെയിൻസ് പരീക്ഷയും മലയാളത്തിലെഴുതി, മലയാളത്തിൽത്തന്നെ ഇന്റർവ്യൂവുമെടുത്താണ് ഇന്ത്യയിലെ ഏറ്റവും കഠിനമായ പരീക്ഷയെന്നറിയപ്പെടുന്ന സിവിൽ സർവീസ് ഷഹാന പാസ്സായത്.

പി.ജിക്കു പഠിക്കുമ്പോഴായിരുന്നു ഷെറിന്റെ വിവാഹം. കൊടിയ ഗാർഹികപീഡനംകൊണ്ടു വലഞ്ഞ നാളുകൾ. തികഞ്ഞ സാഡിസ്റ്റായിരുന്നു പങ്കാളി. ശരീരമാസകലം ബ്ലേഡുകൊണ്ടു വരഞ്ഞു മുറിവേല്പിച്ചു ഷവറിനു താഴെക്കൊണ്ടുപോയി നിർത്തും. ആ മുറിവിലേക്കു തണുത്ത വെള്ളം വീഴുമ്പോഴുള്ള വേദനകൊണ്ടു പുളയുന്നതുകണ്ട് ആർത്തട്ടഹസിച്ചു ചിരിക്കുന്ന ഭർത്താവ്. പീഡനം സഹിക്കവയ്യാതെ സ്വന്തം വീട്ടിലേക്കു മടങ്ങി. വിധിവൈപരീത്യമെന്നു പറയട്ടെ, ഒരു ദിവസം ഉണക്കാനിട്ട തുണി എടുക്കുന്നതിനിടയിൽ ഷെറിൻ ടെറസിൽനിന്നു കാൽ വഴുതി താഴേക്കുവീണു. നട്ടെല്ലുതകർന്നു വീൽചെയറിലായ ജീവിതം. പക്ഷേ, അവൾ തളർന്നില്ല. അവൾക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു. ഉത്സാഹിച്ചു പഠിച്ചു. ഇപ്പോഴിതാ, ഡോ. ജോബിൻ എസ്. കൊട്ടാരം എന്ന മനുഷ്യസ്നേഹി ആരംഭിച്ച 'ചിത്രശലഭം' എന്ന സൗജന്യപരിശീലനപരിപാടിയിലൂടെ ഇന്ത്യൻ സിവിൽ സർവീസിലേക്ക്.

2017 മേയ് 22 നാണ് ഷെറിൻ ടെറസിൽനിന്നു വീണത്. പരിക്ക് അതീവഗുരുതരമായതിനാൽ ഡോക്ടർമാർ മരണം ഉറപ്പിച്ചു. വെല്ലൂരിലും മറ്റും നടത്തിയ ചികിത്സയുടെ ഫലമായി പൂർണമായും തളർന്ന അവസ്ഥയിൽനിന്ന് വീൽ ചെയറിലിരിക്കാവുന്ന അവസ്ഥയിലായി. ആദ്യമൊക്കെ കഴുത്തുപോലും ഉയർത്തിവയ്ക്കാൻ സാധിച്ചിരുന്നില്ല.

വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടപ്പെട്ടപ്പോഴാണ് പഠിക്കണമെന്ന ആഗ്രഹം മനസ്സിലുണ്ടായത്. അങ്ങനെ ഒരു പുസ്തകം വാങ്ങി നെറ്റ് പരീക്ഷയ്ക്ക് തയ്യാറെടുത്തു. നെറ്റും ജെ.ആർ.എഫും ലഭിച്ചത് ആത്മവിശ്വാസം വർധിപ്പിച്ചു.

**സിവിൽ സർവീസിലേക്കുള്ള വഴി**

വീൽ ചെയറിലിരുന്ന് ജെ.ആർ.എഫ്. നേടിയപ്പോൾ വനിതാമാസികയിൽ ഒരു അഭിമുഖം വന്നു. അതുകണ്ടാണ് തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അബ്സൊല്യൂട്ട് ഐ.എ.എസ്. അക്കാദമിയുടെ ഡയറക്ടർ ഡോ. ജോബിൻ എസ്. കൊട്ടാരം വിളിക്കുന്നത്.

ദൈവിക ഇടപെടൽ ഇതിൽ എത്രത്തോളമുണ്ടെന്ന് ഷെറിന്റെ വാക്കുകൾ കേട്ടാൽ മനസ്സിലാകും:

''കോട്ടയത്തുനിന്നു ചങ്ങനാശ്ശേരിയിലേക്കു കുടുംബമായി യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ജോബിൻ സാറിനോട് ഒരു ലൈറ്റർ വാങ്ങണമെന്നു ഭാര്യ പറയുന്നത്. ചിങ്ങവനം എന്ന ചെറിയ ടൗണിലെ ഒരു കടയിൽ ലൈറ്റർ വാങ്ങാനായി കയറിയപ്പോൾ സ്റ്റാൻഡിൽ കിടന്നിരുന്ന 'വനിത' ജോബിൻസാർ മറിച്ചുനോക്കി. അപ്പോഴാണ് എന്നെക്കുറിച്ചുള്ള ഫീച്ചർ കാണാനിടയായതും, 'ചിത്രശലഭം' പദ്ധതിയിലേക്ക് എന്നെ ക്ഷണിച്ചതും. ജോബിൻസാർ ആ കടയിൽ കയറിയില്ലായിരുന്നെങ്കിൽ, ആ മാസിക കാണാനിടയായിരുന്നില്ലെങ്കിൽ ഒരുപക്ഷേ, ഒരു സിവിൽ സർവീസ് ഓഫീസറായി ഞാനിവിടെ ഉണ്ടാകുമായിരുന്നില്ല.''

ഷെറിൻ പറയുന്നു: ''മലയാളഭാഷയോടുള്ള സ്നേ ഹംകൊണ്ടാണ് ഇംഗ്ലീഷിൽ മികച്ച പരിജ്ഞാനമുണ്ടായിട്ടും മലയാളത്തിൽത്തന്നെ പരീക്ഷയെഴുതാൻ തീരുമാനിച്ചത്. മാത്രമല്ല, മലയാളത്തിലെഴുതി വിജയിക്കുമ്പോൾ മറ്റു പലർക്കും അത് ഒരു പ്രചോദനമാകുമെന്നും തോന്നി. പൊളിറ്റിക്കൽ സയൻസിൽ നെറ്റും ജെ.ആർ.എഫുമുണ്ടായിട്ടും മലയാളസാഹിത്യമാണ് ഓപ്ഷണൽ വിഷയമായി തിരഞ്ഞെടുത്തത്.'' മലയാളസാഹിത്യമടക്കം നാലു വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റുമുള്ള ഡോ. ജോബിൻ എസ്. കൊട്ടാരമായിരുന്നു മലയാളസാഹിത്യം പഠിപ്പിച്ചുതന്നത്.

കൊവിഡ് കാലഘട്ടത്തിൽ ഓൺലൈനായും പിന്നീട് തിരുവനന്തപുരം അബ്സൊല്യൂട്ട് ഐ.എ.എസ്. അക്കാദമിയിൽ ഓഫ്‌ലൈനായുമായിരുന്നു പരിശീലനം.

മുൻ ഡി.ജി.പി. ഋഷിരാജ് സിങ്, മുൻ യു.പി.എസ്.സി. മെമ്പറും സിവിൽ ഏവിയേഷൻ സെക്രട്ടറിയുമായിരുന്ന റോയ് പോൾ ഐ.എ.എസ്., പ്രശാന്ത് ഐ.എ.എസ്. തുടങ്ങിയവരൊക്കെ അവിടെ ഇന്റർവ്യൂ പരിശീലനം നല്കി. മുരളി തുമ്മാരുകുടിയുടെ പിന്തുണയും പരിശീലനകാലഘട്ടത്തിൽ ലഭിച്ചു. സിവിൽ സർവീസ് കിട്ടിയതറിഞ്ഞ് വയനാട് എം.പി. കൂടിയായ രാഹുൽ ഗാന്ധിയടക്കമുള്ള നേതാക്കൾ വിരുന്നിനായി ക്ഷണിച്ചതാണ് മറ്റൊരു സൗഭാഗ്യം. കെ.കെ. ഷൈലജ റ്റീച്ചർ, എം.വി. ഗോവിന്ദൻ മാഷ്, സ്പീക്കർ എം.എൻ. ഷംസീർ, എം.ബി. രാജേഷ്, അൽഫോൻസ് കണ്ണന്താനം തുടങ്ങി നിരവധി പ്രമുഖരാണ് നേരിട്ടും അല്ലാതെയും ആശംസകളറിയിച്ചത്.

''ഇന്ത്യയിൽ രണ്ടേകാൽ കോടി ഭിന്നശേഷിക്കാരുണ്ട്. അവരെക്കൊണ്ട് വലിയ കാര്യങ്ങൾ ചെയ്യാൻ പറ്റില്ല എന്നു പറയുന്ന സമൂഹത്തിന്റെ മനോഭാവം മാറ്റിക്കുറിക്കണം. സമൂഹത്തിനു നന്മ ചെയ്യുന്ന ഒരു മികച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥയാകണം.'' ഷെറിൻ പറയുന്നു.

വയനാട് കണിയാമ്പറ്റ തേനൂട്ടി കല്ലിങ്കൽ പരേതനായ ഉസ്മാന്റെയും ആമിനയുടെയും മകളാണ് ഷെറിൻ. താജുന്നിസയും റസിയയും ജലീഷയുമാണ് സഹോദരിമാർ. ■



മുൻ ഡി.ജി.പി. ഡോ. ബി. സന്ധ്യ ഷെറിൻ ഷഹാനയ്ക്ക് ഉപഹാരം നല്കുന്നു. ഡോ. ജോബിൻ എസ്. കൊട്ടാരം സമീപം.

# DEEPANALAM WINNERS SPACE gk

സമ്മാനം ആയിരം രൂപ

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. ‘The Coming Wave’ എന്ന ഗ്രന്ഥം ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ്? രചയിതാവ് ആര്?
   ഉത്തരം : ........................ ................ ........................
2. രാജ്യത്തെ ആദ്യ അർധ അതിവേഗതീവണ്ടി സർവീസ് ഉദ്ഘാടനം ചെയ്തതാര്? ഇതിനു പേരിട്ടിരിക്കുന്നത് എന്താണ്?
   ഉത്തരം : ........................ ................ ........................
3. സംസ്ഥാനത്ത് പുതുതായി സ്ഥാപിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോമിന്റെ പ്രഥമഡയറക്ടർ?
   ഉത്തരം : ........................ ................ ........................
4. ഹാങ്ചോ ഏഷ്യൻ പാരാഗെയിംസിൽ ഇന്ത്യ ആകെ എത്ര മെഡൽ നേടി? ഒന്നാം സ്ഥാനത്ത് എത്തിയത് ഏതു രാജ്യമാണ്? മെഡൽനില എത്ര?
   ഉത്തരം : ........................ ................ ........................
5. ‘ലൗദാത്തെ ദേവും’ ഉയർത്തിപ്പിടിക്കുന്ന ആശയം ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ്? ഈ രേഖ എന്തിന്റെ തുടർച്ചയോ പൂരകമോ ആണെന്നാണ് പറയപ്പെടുന്നത്?
   ഉത്തരം : ........................ ................ ........................
6. ഇന്ത്യയെക്കുറിച്ച് കൂടുതൽ വ്യക്തത നല്കുന്ന ‘ഇൻഡിക്ക’യുടെയും ‘ജിയോഗ്രഫി’യുടെയും രചയിതാക്കൾ ആര്?
   ഉത്തരം : ........................ ................ ........................
7. വിഴിഞ്ഞം തുറമുഖപദ്ധതിയുടെ നിർമാണച്ചുമതല നിർവഹിക്കുന്നതാര്? കരാർ ഒപ്പുവച്ചത് എന്ന്, ഏതു സർക്കാരിന്റെ കാലത്ത്?
   ഉത്തരം : ........................ ................ ........................
8. ഇന്ത്യൻ പ്രസിഡന്റിന്റെ പട്ടികജാതി ഉത്തരവ് പ്രഖ്യാപിച്ചത് എന്ന്? പ്രസ്തുത ഉത്തരവിൽ എത്ര ഖണ്ഡികകൾ ഉണ്ടായിരുന്നു?
   ഉത്തരം : ........................ ................ ........................
9. 2023 ലെ സാഹിത്യ നൊബേൽ നേടിയ യോൻ ഫൊസേയുടെ ആദ്യത്തെ സാഹിത്യരചന ഏതാണ്? വർഷം?
   ഉത്തരം : ........................ ................ ........................
10. യാത്രികരെ ബഹിരാകാശത്തേക്ക് എത്തിക്കുന്നതിനുള്ള ഇന്ത്യയുടെ പരീക്ഷണപ്പറക്കലുകളുടെ പരമ്പരയിൽ ആദ്യത്തേത് എന്നാണു നടന്നത്? പ്രസ്തുത ദൗത്യത്തിന്റെ പേരെന്ത്?
   ഉത്തരം : ........................ ................ ........................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം **7306874714** എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. **അവസാനതീയതി 2023 നവംബർ 25.**

പേര് : ....................................................
മേൽവിലാസം : ....................................................
....................................................
ഫോൺ നമ്പർ : ....................................................

# സംഗീതത്തിന്റെ തൂവൽച്ചിറകിൽ



ഈശ്വരൻ കനിഞ്ഞുനല്കിയ സംഗീതത്തിന്റെ ചിറകിലേറി ഉയരങ്ങളിലേക്കു കുതിക്കുകയാണ് ജോസ്ന ജോർജ് എന്ന കൊച്ചുഗായിക. വളരെ ചെറുപ്പംമുതൽ സംഗീതത്തിൽ അഭിരുചിയുണ്ടായിരുന്ന ജോസ്ന കഴിഞ്ഞ ഏഴുവർഷമായി കലാശ്രീ വിനോദ് ഇടമുളയുടെ ശിഷ്യയാണ്. കർണാട്ടിക്, വെസ്റ്റേൺ വിഭാഗങ്ങളിൽ ജോസ്ന പരിശീലനം നടത്തുന്നുണ്ട്.

സ്കൂൾ യൂത്ത് ഫെസ്റ്റിവലിൽ 2017 ൽ ലളിതഗാനം, ഉറുദു ഗസൽ എന്നിവയ്ക്ക് എ ഗ്രേഡും മിഷൻലീഗ് സ്റ്റേറ്റ് കലോത്സവത്തിൽ ലളിതഗാനത്തിന് മൂന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ചു. കെ.സി.എസ്.എൽ. സ്റ്റേറ്റ് കലോത്സവത്തിൽ 2017 മുതൽ തുടർച്ചയായി മൂന്നു വർഷം എ ഗ്രേഡ് നേടി. 2021 എം.ജി. യൂണിവേഴ്സിറ്റി കലോത്സവത്തിൽ ലളിതഗാനത്തിന് എ ഗ്രേഡിന് അർഹയായി. 2015 ൽ ബെസ്റ്റ് സ്റ്റുഡന്റിനുള്ള തോമസ് മൂർ അവാർഡ് കരസ്ഥമാക്കി.

നിരവധി ഭക്തിഗാനകാസറ്റുകളിൽ പാടാൻ ജോസ്നയ്ക്ക് അവസരമുണ്ടായിട്ടുണ്ട്. നിത്യാ മാമ്മൻ പാടിയ ‘ഒരു ഗ്രീഷ്മരാത്രിയിൽ...’ എന്ന ഗാനത്തിന്റെ ഹിന്ദി വേർഷൻ പാടിയിരിക്കുന്നത് ജോസ്നയാണ്. ചേർ, ആട്ടം എന്നീ സിനിമകളിൽ പാടിയ ഗാനങ്ങളിലൂടെ ജോസ്ന സിനിമാഗാനരംഗത്തേക്കും കടന്നുവന്നു. നിരവധി സിനിമകളിൽ കോറസ് പാടാനും ജോസ്നയ്ക്ക് അവസരം ലഭിച്ചിട്ടുണ്ട്.

പാലാരൂപതയിലും ഇടവകയിലും ചർച്ച് ക്വയറിൽ ജോസ്ന സജീവമാണ്. കൊച്ചിൻ കലാഭവനിലും പാലാ കമ്മ്യൂണിക്കേഷൻസിന്റെ ജൂനിയർ സിങ്ങേഴ്സിലും ജോസ്ന അംഗമായിരുന്നു.

പാലാ സെന്റ് തോമസ് കോളജ് രണ്ടാം വർഷം ഇംഗ്ലീഷ് സാഹിത്യം ബിരുദാനന്തരബിരുദ വിദ്യാർഥിനിയായ ജോസ്ന, തീക്കോയി മംഗളഗിരി പുത്തേട്ട് ജോർജിന്റെയും ജെസിയുടെയും പുത്രിയാണ്. ഏകസഹോദരൻ ജോസി ജോർജ് എം.ബി.എ. വിദ്യാർഥി. ■



**ദിയ ലക്ഷ്മി**
10-ാം ക്ലാസ്
ജി.എച്ച്.എസ്.എസ്.
മുണ്ടേരി, കണ്ണൂർ

# സ്വപ്നസാഫല്യം

നീയും ഞാനും നമ്മളുമെല്ലാം
താലോലിച്ചൊരു സ്വപ്നം
അമ്പിളിമാമനെ പുൽകാനുള്ളൊരു
കൗതുകമൂറും സ്വപ്നം
മിന്നും വെണ്മയും ഒഴുകും നിലാവും
എന്നും ബാല്യത്തിൻ തീരാവിസ്മയം
കാലവും ഭൂമിയും മാനവും താണ്ടി
പൊൽത്തിങ്കൾക്കല തേടിയിറങ്ങി
ഒരുനാൾ തൊട്ടു, ആശ്ലേഷിച്ചു
മാനവശക്തിയായ് ‘ലൂണ’യിലൂടെ
ഇന്നതു സഫലമായ് ‘ചന്ദ്രയാന’മായ്
ഇന്ത്യതന്നഭിമാനനേട്ടമായി. ■

# മലയാളത്തിന്റെ പിറന്നാൾ



കേരളം വിളങ്ങുന്നു കോമളം
കേവലാനന്ദ കന്ദളം....തുഞ്ചലാളിതമായ ശാരിക
സഞ്ചരിച്ചൊരു കേരളം....

നവംബർ 1 കേരളത്തിന്റെ പിറന്നാളാണ്.

1947 ൽ ഭാരതം ബ്രിട്ടീഷുകാരിൽനിന്നു സ്വാതന്ത്ര്യം നേടിയതിനുശേഷം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ചു. മലയാളം പ്രധാനഭാഷയായി ഉപയോഗിക്കുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് 1956 നവംബർ ഒന്നിന് കേരളം എന്ന സംസ്ഥാനം രൂപീകരിച്ചു.

ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു കേരളം. രൂപീകരണസമയത്ത് കേരളത്തിൽ അഞ്ചു ജില്ലകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ, വിദ്യാഭ്യാസത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു കേരളം.

കേരവൃക്ഷങ്ങൾ നിറഞ്ഞ നാട് എന്ന അർഥത്തിൽ കേരളം എന്ന് പേരു വന്നു എന്നു ചരിത്രം. വ്യത്യസ്തമായ സംസ്കാരവും ശൈലിയുമൊക്കെക്കൊണ്ടു സമ്പന്നമാണു കേരളം.

വയനാട് വനങ്ങൾ, ആലപ്പുഴയിലെ സമൃദ്ധമായ കായലുകൾ, കുട്ടനാടിന്റെ പച്ചപുതച്ച പാടശേഖരങ്ങൾ, അതിരപ്പിള്ളി വെള്ളച്ചാട്ടം, മൂന്നാറിലെ വിസ്മയിപ്പിക്കുന്ന ഹിൽ സ്റ്റേഷനുകൾ, പടിഞ്ഞാറുഭാഗത്തു വ്യാപിച്ചുകിടക്കുന്ന കടൽ, കിഴക്കുഭാഗത്തു പശ്ചിമഘട്ട മലനിരകൾ... അങ്ങനെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് അനുഗൃഹീതമായ നാടാണു കേരളം. സുഗന്ധവ്യഞ്ജനങ്ങളുടെ നാടുകൂടിയാണു കേരളം.



**അനഘ ജോസഫ്**
10-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.
അയർക്കുന്നം

മഞ്ഞൾ, കറുവപ്പട്ട, അശ്വഗന്ധ, ബ്രഹ്മി, ഏലം, കുരുമുളക് തുടങ്ങിയ ഔഷധഗുണങ്ങളുള്ള സസ്യങ്ങൾ കേരളത്തിൽ ധാരാളമായി കാണപ്പെടുന്നു. കേരളത്തിലെ സുഗന്ധവ്യഞ്ജനവ്യാപാരം ചരിത്രത്താളുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

പാരിനു പരിഭൂഷ ചാർത്തിടും
ഭാരതത്തിന്റെ ചിത്രകം
കേരളം വിളങ്ങുന്നു കോമളം
കേരവൃക്ഷകസങ്കുലം ■

# കാത്തിരിപ്പിന്റെ കാതങ്ങൾ

കവിത

ക്ഷമകെട്ടിട്ടുണ്ട്...
നിന്റെ പൂത്തിരിച്ചിരി കാണാനും...
കൺകുളിർക്കെ നുകരാനും...
അന്നു നമ്മുടെ ഹൃദയങ്ങൾ തമ്മിൽ കാതോർത്തിരുന്നു.
കൈകോർക്കാനാവില്ലല്ലോ,
പുക്കിൾക്കൊടി വേണ്ടിവന്നു നിന്നെയൊന്നു തൊടാൻ...
നിനക്കുവേണ്ടതൊക്കെ അതു വാരിത്തന്നു
നിന്റെയച്ഛന് അതിനും കഴിഞ്ഞീല...
പക്ഷേ, അദ്ദേഹത്തിന്റെ ഹൃദയത്തിലും നീ
വളരുന്നുണ്ടായിരുന്നു.
നീണ്ട നെടുവീർപ്പുകൾ...
നെടുനീളൻ കാത്തിരിപ്പുകൾ,



അനുപ്രിയ ജോജോ
എം എ മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

നിന്റെ ഓരോ തുടിപ്പിലും ഞാനലിഞ്ഞു.
നിന്റെ ഓരോ കുതിപ്പിലും ഞാനുണർന്നു...
എത്രനാൾ കാത്തിരുന്നെന്നോ?
ഒമ്പതുമാസം ലോകം നിന്നെ നോക്കിനിന്നു.
ആവേശത്തോടെ വലിച്ചെടുത്ത്
പ്രകൃതി നിന്നെ മടിയിലിട്ടു.
മൂന്നാം നാൾ മുളയ്ക്കുന്ന വിത്തിനെക്കാൾ
മൂന്നിരട്ടി മാസമെടുത്തതെന്തേ?

എങ്കിലും നീ വന്നല്ലോ...
ഇന്നെന്റെ സിരയിലും നരയിലും
തുടിക്കുന്നത് ഈ പ്രതീക്ഷകളാണ്...



ഇന്നു കാത്തിരിപ്പിന്റെ കാതങ്ങൾ നീളുന്നു
ഏതോ വാനമേഘത്തിൽ യക്ഷസന്ദേശമായ്
തഴുകിയൊഴുകുന്ന കാറ്റിന്റെ തലോടലായ്
എന്റെ ഹൃദയഗതങ്ങൾ നിന്നെ തേടിയെത്തും.
അതെന്തേ? അന്നു നമ്മൾ ഒന്നായിരുന്നല്ലോ.
വാക്കുകളില്ലാതെ, കണ്ടുമുട്ടാതെ...
പക്ഷേ,
തിരക്കത്രേ!
കാറ്റിനും മേഘത്തിനും തിരക്ക്..
ഞാൻ മാത്രമല്ല, ജനലഴികളിലൂടെ പാറുന്ന
ഈ നരച്ച മുടിയിഴകളോരോന്നും
കാത്തിരിക്കുകയാണത്രേ!
വിളിയേകാൻ... വിളി കേൾക്കാൻ...
അപ്പുറത്തു നിന്റെയച്ഛനുമുണ്ട്,
മേഘങ്ങളെ കണ്ണുകളിലേറ്റു വാങ്ങി,
കാർമേഘങ്ങളെ ഉള്ളിലൊതുക്കി,
ജീവനും ജലവും വാർന്ന നോക്കുമായ്...

അന്ന് ഓരോ കുഞ്ഞുവാ മേടിക്കുമ്പോഴും
നീ തിരക്കിലായിരുന്നു, കളിപ്പാട്ടത്തോടൊപ്പം...
ഇന്നാ പഴകിയ കളിപ്പാട്ടവും ഞങ്ങളുമൊരേ മുറിയിൽ...
വക്കുകൾ പൊട്ടി, ചെളിപിടിച്ച്
ഏതൊക്കെയോ അവയവങ്ങൾ നഷ്ടമായ
ഞെരുങ്ങിയിടറുന്ന ശബ്ദവുമായി..

തിരക്കിലത്രേ ദൈവവും..
നിന്നെ കാത്തിരിക്കുന്ന നാളുകളിലും ഇരട്ടി.
ഇരുട്ടിൽ തേടിയെത്തുന്ന കിനാവള്ളികളിൽ
പകൽക്കിനാവു മെടഞ്ഞ നഷ്ടസ്വപ്നങ്ങളിൽ
നിത്യവുമുയരുന്നതൊരു മന്ത്രണംമാത്രം,
കാത്തിരിക്കാം, കാതങ്ങൾ കാതോർക്കാം. ■

# പകയുടെ വിളയാട്ടങ്ങൾ

എന്താണു പ്രണയം?

ഇങ്ങനെയൊരു ചോദ്യം ഈ കാലഘട്ടത്തിൽ ചോദിക്കേണ്ടിവരുന്നതിൽ എനിക്കു ലജ്ജയുണ്ട്.

ഈ ചോദ്യത്തിന്റെ പ്രസക്തി കാലത്തിനു വെല്ലുവിളിയായിരിക്കുന്നുവെന്നു പറയാതെ വയ്യ. ആദ്യം സൗഹൃദം, പിന്നെ പ്രണയം, ഒടുവിൽ രക്തപ്രളയം. ഇതാണ് കേരളത്തിൽ ഇന്നു തുടരുന്ന പ്രണയപരമ്പരകളിൽ ഭൂരിഭാഗത്തിന്റെയും പരിണാമഗതി. പകയുടെ വിളയാട്ടങ്ങൾ, വെറുപ്പിന്റെ ചോരക്കളങ്ങൾ!



എത്രയെത്ര വാർത്തകളാണ് പ്രണയപ്പകയെക്കുറിച്ചു വന്നുകൊണ്ടിരിക്കുന്നത്?! പീഡനംമുതൽ കൊലപാതകംവരെ!

മൊബൈൽ ഫോൺ വ്യാപകമായതോടെ പകയും വിദ്വേഷവും കൂടുകയാണ്. സർക്കാരും മാധ്യമങ്ങളും ഇതിനെ ഗൗരവമായി കാണണം. എല്ലാ മാധ്യമപ്പോരാളികളും ഒരു വാർത്തയുടെ ആഘോഷം കഴിഞ്ഞാൽ അടുത്ത വാർത്തയ്ക്കു പിന്നാലെ പോകുകയായി.



അപർണ്ണാ രാജ്
GHSS പാളയംകുന്ന്
വർക്കല
തിരുവനന്തപുരം

ആദ്യം ഉണ്ടായ വാർത്തയുടെ വിധിയെന്താണെന്ന് ആരും ചിന്തിക്കുന്നേയില്ല.

ഒന്നു ചോദിക്കട്ടെ, പ്രണയമാണോ തെറ്റ്?!

ആണെന്ന് ഒരിക്കലും തോന്നുന്നില്ല. ബന്ധങ്ങൾ വഴിവിട്ടുപോകുമ്പോളാണ് മാരകമായ കുറ്റകൃത്യങ്ങളിലേക്കു നയിക്കപ്പെടുന്നത്.

കാലഹരണപ്പെട്ട ചിന്താഗതികൾ മാറേണ്ടതുതന്നെയാണ്. മുൻകാലങ്ങളിൽ നിലനിന്നുപോന്ന പല ജീവിതരീതികളും തിരുത്തപ്പെടേണ്ടതുണ്ട്. എന്നാൽ, സമത്വവും സ്വാതന്ത്ര്യവും ദുരുപയോഗം ചെയ്യപ്പെടുമ്പോൾ ജീവിതം കൈവിട്ടുപോകുന്നു.

ഓരോ മരണത്തിനുംശേഷം 'സഹോദരീ മാപ്പ്'/'സഹോദരാ മാപ്പ്' എന്ന ഒരു സ്റ്റാറ്റസ് പിൻതുടർച്ചയിൽ ഒതുക്കുന്ന സമൂഹംതന്നെയാണ് നീതികേടുകൾക്കു വളംവച്ചുകൊടുക്കുന്നത്.

നാല്പതുദിവസംമാത്രം ആയുസ്സുള്ള കോഴികളിൽ ഹോർമോണുകൾ ഇൻജെക്ട് ചെയ്ത് ആവശ്യാനുസരണം ഉപയോഗിക്കുന്നതുപോലെ മനുഷ്യരിൽ മൊബൈൽ ഫോണുകൾവഴി ക്രിമിനൽബുദ്ധി വികസിക്കാനുള്ള ഹോർമോണുകൾ കുത്തിവയ്ക്കപ്പെടുന്നുണ്ടോ! അതോ, ഭക്ഷണപദാർഥങ്ങളിലെ അസ്വാഭാവികഹോർമോണുകൾതന്നെ മനുഷ്യബുദ്ധിയെകാർന്നു തിന്നുകയാണോ?

നിത്യജീവിതത്തിൽ പ്രാവർത്തികമാകാത്ത ധർമം, ഹൃദയവും ബുദ്ധിയുമില്ലാത്ത മൊബൈൽ ഫോണിനു ബാധകമല്ലല്ലോ. ശരിയും തെറ്റും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. വേണ്ടതു തിരഞ്ഞെടുക്കുക, ഏതാണു നല്ലതെന്ന തിരിച്ചറിവോടെമാത്രം. ■

## എന്റെ വര



ദേവനന്ദ റ്റി.വി.
10-ാം ക്ലാസ്
ജി.എച്ച്.എസ്.എസ്.
മുണ്ടേരി, കണ്ണൂർ





# മാന്യതയിൽ പൊതിഞ്ഞ ദാനം

കഥ

ഒരു സ്ത്രീ ചന്തയിൽ മുട്ടവാങ്ങാൻ വന്നു. മുട്ടകളെടുത്ത് തിരിച്ചുംമറിച്ചു നോക്കിയിട്ട് അവർ വില ചോദിച്ചു.

"അഞ്ചു രൂപ." മുട്ടവില്പനക്കാരൻ മറുപടി പറഞ്ഞു.

അപ്പോൾ അവർ പറഞ്ഞു: "25 രൂപയ്ക്ക് ആറുമുട്ടകൾ തരണം. അല്ലെങ്കിൽ എനിക്കു വേണ്ട."

വില്പനക്കാരൻ പറഞ്ഞു: "മാഡം, നിങ്ങൾ ആവശ്യപ്പെടുന്ന വിലയ്ക്ക് ഞാൻ തീർച്ചയായും മുട്ട തരാം. ഞാൻ ഇന്ന് ഒരു മുട്ടപോലും വിറ്റിട്ടില്ല. അതുകൊണ്ട് ഇത് എനിക്ക് ഒരു നല്ല തുടക്കമാണ്." അയാൾ സന്തോഷത്തോടെ അവൾ പറഞ്ഞ വിലയ്ക്ക് മുട്ട കൊടുത്തു. അതു വാങ്ങി താൻ വിജയിച്ചു എന്ന ഭാവത്തിൽ അവൾ പുറത്തേക്കു പോയി.

മുട്ടയും വാങ്ങി അവൾ സുഹൃത്തിനൊപ്പം അവളുടെ വിലയേറിയ കാറിൽ കയറി ഒരു വിദേശ റെസ്റ്റോറന്റിലേക്കു പോയി. അവർ അവർക്കു തോന്നിയതെല്ലാം ഓർഡർ ചെയ്തു. കുറച്ചൊക്കെ അവർ കഴിച്ചു. കഴിച്ചതിലും കൂടുതൽ പാത്രങ്ങളിൽ ബാക്കിവന്നു. എണ്ണൂറു രൂപ ബിൽ ആയി. ആയിരം രൂപ കൊടുത്തിട്ടു



ബാക്കിയുള്ളതു ടിപ്പായി സൂക്ഷിച്ചുകൊള്ളാൻ അവർ റെസ്റ്റോറന്റുടമയോടു പറഞ്ഞു.

റെസ്റ്റോറന്റുടമയെ സംബന്ധിച്ചിടത്തോളം അത് വളരെ സാധാരണമാണ്. അയാൾക്ക് അങ്ങനെ ടിപ്പുകൾ കിട്ടാറുമുണ്ട്. പക്ഷേ, മുട്ട വിൽക്കുന്നയാളോട് അവൾ കാണിച്ചത് അനീതിയാണ്.



അഭിനന്ദ് മനോജ്
ഒന്നാം വർഷം
ബി. ടെക്
കുസാറ്റ്

ദരിദ്രരോട് നാം അധികാരത്തോടെ പെരുമാറുന്നത് എന്തുകൊണ്ട്?

നമ്മുടെ ഔദാര്യം ഒരിക്കലും ആവശ്യമില്ലാത്തവരോട് നാം എന്തിനാണ് ഉദാരമനസ്കത കാണിക്കുന്നത്?

നമുക്ക് ആവശ്യമില്ലാത്തതാണെങ്കിലും പാവപ്പെട്ടവർ വില്ക്കാൻ കൊണ്ടുവരുന്ന സാധനങ്ങൾ ഉയർന്ന വിലയ്ക്കുതന്നെ വാങ്ങണമെന്ന് എന്റെ അച്ഛൻ പറയുമായിരുന്നു. ചിലപ്പോഴൊക്കെ അച്ഛൻ അവർക്ക് കൂടുതൽ പണം നൽകി. അച്ഛൻ പലപ്പോഴും എനിക്ക് ഉപദേശം നല്കുകയും ചെയ്തിട്ടുണ്ട്; 'ഇതു മാന്യതയിൽ പൊതിഞ്ഞ ദാനമാണ്.' ■

# പെൺമിഴികൾ നിറയാതിരിക്കാൻ





**അഷ്ന ബീഗം എ.**
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല,
തിരൂർ

നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് ഏഴരപതിറ്റാണ്ടു കടന്നുപോയിരിക്കുന്നു. കാലം ജനങ്ങളുടെ മനസ്സിനെയും ജീവിതരീതിയെയും വളരെയധികം മാറ്റിക്കഴിഞ്ഞു. സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെല്ലാം രാജ്യം അസൂയാവഹമായ പുരോഗതി പ്രാപിച്ചിരിക്കുന്നു. എന്നിരുന്നാലും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അല്പംപോലും മാറുന്നില്ല. നിസ്സഹായരായ സ്ത്രീകൾ അനുഭവിക്കുന്ന എല്ലാ കഷ്ടപ്പാടുകളും (ലൈംഗികവിവേചനം, ചൂഷണം, അടിച്ചമർത്തൽ, ആക്രമണം, തരംതാഴ്ത്തൽ, അപമാനം മുതലായവ) എല്ലാക്കാലത്തും തുടർന്നുകൊണ്ടേയിരിക്കുന്നു. നിരവധി സ്ത്രീദേവതകളെ ആരാധിക്കുന്ന ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകൾ നിസ്സഹായരാണ്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ശാരീരികമോ വൈകാരികമോ മാനസികമോ ആകാം. ജീവിതത്തിന്റെ വിവിധ മേഖലകളിലെ പങ്കാളിത്തമില്ലായ്മയ്ക്കു കാരണമാകുന്ന അക്രമത്തെക്കുറിച്ചുള്ള ഭയം സ്ത്രീകളുടെ മനസ്സിലുണ്ട്.

സ്ത്രീവിവേചനം ഒരു തുടർക്കഥയാണെന്ന്, ഒരിക്കലും അവസാനിപ്പിക്കാനാവില്ലെന്ന് സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധനസമ്പ്രദായം തെളിയിക്കുന്നു. സങ്കീർണ്ണമായ ഒരു പ്രതിഭാസമാണിത്. ഇത് സമൂഹത്തിൽ പെൺകുട്ടികളുടെ പദവി കുറയ്ക്കുന്നതിനൊപ്പം അവരുടെ അന്തസ്സും കുറയ്ക്കുന്നു. വിവാഹസമയത്ത്, ഒരു വധു മതിയായ സ്ത്രീധനം കൊണ്ടുവന്നില്ലെങ്കിൽ, വിവാഹശേഷം അവൾ പീഡിപ്പിക്കപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച്, ഇന്ത്യയിലെ സ്ത്രീകൾ അവരുടെ വൈവാഹികഭവനത്തിൽ സുരക്ഷിതരല്ല. ഗാർഹികപീഡനം, ആസിഡ് ആക്രമണങ്ങൾ, ബലാത്സംഗം, ദുരഭിമാനക്കൊലകൾ, സ്ത്രീധനമരണങ്ങൾ, തട്ടിക്കൊണ്ടുപോകൽ, ഭർത്താക്കന്മാരുടെയും ഭർത്തൃകുടുംബാംഗങ്ങളുടെയും ക്രൂരമായ പെരുമാറ്റം എന്നിവയാണ് സ്ത്രീകൾക്കെതിരായ സാധാരണ അതിക്രമങ്ങൾ.

ഇത്തരം പീഡനങ്ങൾക്ക് അറുതിയുണ്ടായാൽമാത്രമേ മാനവരാശി നേടി എന്നു പറയപ്പെടുന്ന സാംസ്കാരികപുരോഗതിക്ക് അർഥമുണ്ടാവുകയുള്ളൂ. 2014 നവംബർ 25 മുതൽ ഐക്യരാഷ്ട്രസംഘടന സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് ഇന്റർ നാഷണൽ ഡേ ഫോർ വയലൻസ് എഗെൻസ്റ്റ് വിമൻ എന്ന പേരിലൊരു ദിനം ആചരിച്ചുതുടങ്ങി. എന്നാൽ, 1981 മുതൽ നവംബർ 25 ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരായ ദിനമായി വനിതാവിമോചന പ്രവർത്തകർ ആചരിക്കുന്നു. ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ ഭരണാധികാരി റാഫേൽ ട്രൂജില്ലോയുടെ ഉത്തരവനുസരിച്ച്, ആ രാജ്യത്തുനിന്നുള്ള രാഷ്ട്രീയപ്രവർത്തകരായ മിറാബൽ സഹോദരിമാരെ ആദരിക്കാനാണ് ഈ ദിനം തിരഞ്ഞെടുത്തത്. ■

കഥ




**സെലീന ജെയ്മോൻ**
10-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്., അയർക്കുന്നം

# പങ്കുവയ്ക്കൽ

"നിനക്കെന്തു കഴിക്കാൻ തന്നാലും നീ അതിൽനിന്നു കുറച്ചെടുത്ത് അപ്പുറത്തെ വീട്ടിലേക്കോടുന്നത് എന്തിനാണ്?'' അമ്മ മോളോടു ചോദിച്ചു.

"അമ്മേ, നമ്മൾമാത്രം സന്തോഷമായിട്ടിരുന്നാൽ മതിയോ? നമ്മൾമാത്രം വയറുനിറയെ നല്ല ഭക്ഷണം കഴിച്ചാൽ മതിയോ? അപ്പുറത്തെ വീട്ടുകാർക്ക് അതിനു കഴിയുന്നില്ലെങ്കിൽ നമ്മൾ അവരെ സഹായിക്കേണ്ടേ? അവരുടെ സന്തോഷം കാണുമ്പോൾ നമ്മുടെ സന്തോഷം ഇരട്ടിക്കില്ലേ അമ്മേ.''

"നീ പറഞ്ഞതു ശരിയാണു മോളേ. ഞാൻ അത്രകണ്ട് അതങ്ങ് ആലോചിച്ചില്ല. നിന്നെയോർത്ത് എനിക്ക് ഇപ്പോൾ അഭിമാനം തോന്നുന്നു.'' അമ്മ മകളോടു പറഞ്ഞു. ■



# ലഹരിക്കെണികളിൽ വീഴാതിരിക്കാൻ



**സൂര്യ സന്തോഷ്**
ജി.ജി.എസ്.എം.
നേഴ്സിങ് സ്കൂൾ,
മൈസൂർ


കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർവരെ ഇന്ന് ലഹരി മരുന്നിന്റെ പിടിയിലാണ്. ആധുനികതലമുറ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായിരിക്കുന്നു, ലഹരി മാഫിയയുടെ കൈയിലകപ്പെടാതെ എങ്ങനെ പഠിച്ചു മുന്നേറാമെന്നത്. ലഹരിയുപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ചുള്ള ബോധവത്കരണയജ്ഞത്തിനു വളരെയേറെ പ്രാധാന്യം കല്പിച്ചുകൊടുക്കേണ്ട കാലംതന്നെയാണിത്. കുട്ടികളെ നേർവഴിക്കു നയിക്കാൻ ഉത്തരവാദിത്വപ്പെട്ട മുതിർന്നവർ പറയുന്നതിന്റെ ഗൗരവവും പ്രാധാന്യവും മനസ്സിലാക്കി മുന്നോട്ടു പോകുകയെന്നതാണ് ലഹരിപ്പിശാചിന്റെ പിടിയിൽനിന്നു രക്ഷനേടാനുള്ള ഏക ഉപായം.

കൗമാരക്കാരായ കുട്ടികളെ ലക്ഷ്യം വച്ചുകൊണ്ടു സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരിമാഫിയ പല വേഷങ്ങളിൽ സഞ്ചരിക്കുന്നുണ്ട്. സ്കൂൾ കുട്ടികളെ പ്രലോഭിപ്പിക്കാൻ പല നിറങ്ങളിലുള്ള മിഠായികൾ നൽകിയും സൗഹൃദം ഭാവിച്ച് ഐസ്ക്രീമും ജ്യൂസുമൊക്കെ വാങ്ങിക്കൊടുത്തും അവർ അടുത്തുകൂടും. മയക്കുമരുന്നിന് അടിമപ്പെടുന്ന കുട്ടികളുടെ പിന്നീടുള്ള മാനസികാവസ്ഥ തികച്ചും പരിതാപകരമാണ്. വീണ്ടും വീണ്ടും കഴിക്കാനുള്ള പ്രേരണകൊണ്ട് കുട്ടികൾ രക്ഷിതാക്കളറിയാതെ പൈസയും വിലപ്പിടിപ്പുള്ള വസ്തുക്കളും വീടുകളിൽനിന്നു മോഷ്ടിക്കുന്നു.

മയക്കുമരുന്നു ലഭിക്കാതെ വന്നാൽ കുട്ടികൾ അക്രമാസക്തരാകുന്നു. പഠനത്തിൽ പിന്നോട്ടു പോകുന്നു. ശാരീരികമായ തളർച്ചയും മൗനവും തനിച്ചിരിക്കലുമൊക്കെ ഇത്തരം കുട്ടികൾ കാണിക്കുന്ന ലക്ഷണങ്ങളാണ്.

ചില മയക്കുമരുന്നുകൾ ശരീരത്തിലെത്തിയാൽ പിന്നീടൊരിക്കലും അതിൽനിന്നു രക്ഷപ്പെടാൻ സാധിക്കില്ല. നമ്മുടെ പത്രം, ടി.വി. പോലെയുള്ള മാധ്യമങ്ങൾ നിത്യേനയെന്നോണം വളരെ ഗൗരവത്തോടെ വാർത്തകൾ കൊടുക്കുന്നതും ബോധവൽക്കരണം നടത്തുന്നതും നമ്മൾ ഉൾപ്പെടുന്ന തലമുറയെ രക്ഷപ്പെടുത്താനാണ്.

കുട്ടികൾ കൂടുതൽ ജാഗ്രതയോടെ മുന്നോട്ടു പോകണം. പരിചയമില്ലാത്ത ആളുകളെ അടുപ്പിക്കാതിരിക്കുക. അവർ തരുന്നതൊന്നും സ്വീകരിക്കാതിരിക്കുക. മുതിർന്നവർ പറയുന്നത് അനുസരിച്ചു മുന്നോട്ടുപോകുക. ■



# എക്സ് കവി

കവിത



**ശ്രീലക്ഷ്മി സുരജൻ**
എം.ബി.എ.
ഐ.ഐ.എം.
വിശാഖപട്ടണം

മഷി തീർന്നെന്നുതന്നെയാണു കരുതിയത്.
കടലാസുകൾ ബാക്കിയുണ്ടോ?
ഞാനും
ഞാൻ എല്ലാം പറയാറുള്ള നീയും ബാക്കിയുണ്ടോ?
നിലാവുണ്ട്, നിശ്ശബ്ദതയുണ്ട്
നിറങ്ങളുണ്ട്, കരച്ചിലുണ്ട്,
അടക്കിപ്പിടിച്ച ചിരികളുണ്ട്,
ഹൃദയത്തിൽ ഒരു ഭാരം തൂക്കിയിട്ടിട്ടുണ്ട്,
അത് ബലൂൺപോലെ കാറ്റിൽ പറക്കുന്നുമുണ്ട്.
പുസ്തകങ്ങളുണ്ട്, ദേഷ്യങ്ങളുണ്ട്,
പൊട്ടിത്തെറികളുണ്ട്
കണ്ണിലെവിടെയോ കവിതയുടെ
    കനവുകളുണ്ട്.
വാക്കുകളില്ല,
വഴിതെറ്റിവന്ന് തൊണ്ടയിൽ
കുടുങ്ങിക്കിടന്ന് കരഞ്ഞ
    വാക്കുകൾ മാത്രമില്ല,
ഞാൻ എഴുതാൻ മറന്നതും
നീ വായിക്കാത്തതും...
വഴിതെറ്റിപ്പോലും വരാൻ
വാക്കുകൾ മാത്രമില്ല.
നീ നിന്നയിടം ദൂരം മാത്രം
കവിതയും... ■



DEEPANALAM WINNERS SPACE gk

## കഴിഞ്ഞ ലക്കം ക്വിസ്
## (പ്രതിഭ 2023 ഒക്ടോബർ) ശരിയുത്തരങ്ങൾ

1. ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി
2. സിസ്റ്റർ റാണി മരിയ, വിൻസി അലോഷ്യസ്
3. രാജീവ്ഗാന്ധി, 1989 മേയ്
4. 82
5. ദേശീയ ബഹിരാകാശദിനം
6. ദൈനിക് ഭാസ്കർ (ഹിന്ദി പത്രം)
7. ഡോ. അശ്വിൻ ശേഖർ, പാലക്കാട് ചെർപ്പുളശേരി സ്വദേശി
8. പശ്ചിമഘട്ടം ഒരു പ്രണയകഥ
9. മൈക്കൽ പുസിയോ (നോർത്ത് കരോലിന സ്വദേശി)
10. ചെമ്മീൻ, സ്വയംവരം

◆ ശരിയുത്തരങ്ങൾ ആരും അയച്ചിട്ടില്ല